# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/75

തിരുവനന്തപുരം
11.09.2024

സ്വീകർത്താവ്
ബഹു. ചെയർമാൻ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ
വെള്ളയമ്പലം
തിരുവനന്തപുരം

സർ,

വിഷയം : പബ്ലിക് ഹിയറിംഗ് 11.09.2024 അഭിപ്രായങ്ങൾ - നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

KSEBL എന്നത് ഒരു പൊതുമേഖലാ സ്ഥാപനം ഇത് നിലനിർത്തേണ്ടത് ജനത്തിന്റെ ആവശ്യമാണ്. സാമ്പത്തിക ബാധ്യതയുടെ പേരിൽ KSEBL ഇല്ലാതാകാൻ പാടില്ല. ലാഭവും നഷ്ടവുമില്ലാത്ത രീതിയിലാണ് KSEBL പ്രവർത്തിക്കേണ്ടത്. ഇവിടെ ജീവനക്കാരും സംഘടനകളും ഉപഭോക്താക്കൾ തന്നെയാണ്. സ്ഥാപനം നിലനിൽക്കേണ്ടതും ന്യായമായ വിലക്ക് വൈദ്യുതി ലഭിക്കേണ്ടതും എല്ലാവരുടെയും ആവശ്യമാണ്. വൈദ്യുതി ചാർജ് കൂട്ടേണ്ടുന്ന സാഹചര്യം ഉണ്ടെങ്കിൽ അത് വർധിപ്പിക്കണം. മറിച്ച് കുറക്കാൻ പറ്റുമെങ്കിൽ അതിനുള്ള ഉത്തരവാദിത്തവും KSEB ക്കുണ്ട്. ശ്രീ.ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന കാലത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് 20 പൈസ കുറച്ച് കൊടുത്തിട്ടുണ്ട്. ഗവണ്മെന്റ് ആവശ്യപ്പെടുന്ന എല്ലാ സബ്സിഡികളും ഉപഭോക്താക്കൾക്ക് KSEB നൽകുന്നുണ്ട്. എന്നാൽ ഗവൺമെന്റിൽ നിന്നും കഴിഞ്ഞ കുറെ നാളുകളായി ഗ്രാന്റുകൾ ഒന്നും കിട്ടുന്നില്ലായെന്നത് മറ്റൊരു സത്യമാണ് മറിച്ച് അങ്ങോട്ട് സഹായിക്കുന്നു. KSEB യുടെ കളക്ഷൻ Efficiency 99% എന്ന് പറയുമ്പോൾ എല്ലാവരും കുടിശിഖ വരുത്തുന്നില്ലായെന്നല്ലേ. പക്ഷേ വാട്ടർ അതോറിറ്റിയും, മറ്റു പൊതുമേഖലാ/ ഗവണ്മെന്റ് സ്ഥാപനങ്ങളാലെല്ലാം കൂടി 3000 കോടി അടുത്ത് നല്കാനുമുണ്ട്. Disconnection effect ആക്കിയിട്ടുള്ളത് പാവപ്പെട്ടവരുടെ മേൽ മാത്രം. ഇത് ചെയ്തില്ലെങ്കിൽ ജീവനക്കാർക്ക് സസ്പെൻഷൻ, മെമ്മോ. കഴിഞ്ഞ 7 വർഷം മെച്ചപ്പെട്ട മഴ ലഭിച്ചിട്ടും KSEBL നു കോടികളുടെ ബാധ്യത വരുവാനുണ്ടായ കാരണം എന്താണ്, അത് പഠനം നടത്തേണ്ടത് അത്യാവശ്യമാണ്. KSEBL ലഭിക്കുന്ന പണത്തിന്റെ വ്യക്തമായ കണക്ക് ജനങ്ങൾക്ക് ബോധ്യപ്പെടുത്തണം. ഒരു സ്ഥാപനം തങ്ങളുടെ വിലവർദ്ധിപ്പിക്കുന്നതിന് അത് വാങ്ങുന്നവരിൽനിന്നും ഹിയറിങ് നടത്തി തീരുമാനിക്കുന്നത് വൈദ്യുതി മേഖലയ്ക്ക് മാത്രം. അഭിമാനിക്കാവുന്ന കാര്യമാണ്. ഇവിടെ ഉപഭോക്താക്കൾക്ക് അവർക്ക് പറയുവാനുള്ളത് പറയാം. 2 ഭാഗങ്ങളും കമ്മീഷൻ കേൾക്കുന്നു. വസ്തുതകൾ തീരുമാനിക്കുന്നു. സൗജന്യ 'സിം' ആയ കമ്പനി ആരോടും ചോദിക്കാതെ 3 ഇരട്ടി ആക്കിയപ്പോൾ ഒരു ഒച്ചപ്പാടും ഉണ്ടായില്ല. പത്രത്തിന്റെ വില കൂടിയപ്പോഴോ, കേബിൾ ചാർജ്,

ഇന്റർനെറ്റ് ചാർജ്, വാട്ടർ ചാർജ് കൂട്ടിയപ്പോഴോ ആർക്കും പ്രതികരിക്കാനോ അഭിപ്രായം പറയാനോ അവസരം നൽകിയിരുന്നില്ല. ഇവിടെ ജനാധിപത്യപരമായി ചെയ്യുന്നു. പക്ഷെ കണക്കിന്റെ ഉള്ളുകള്ളികൾ ജനത്തെ ബോധ്യപ്പെടുത്താനുള്ള ഒരു ബാധ്യതകൂടി KSEBL നും കമ്മീഷനുമുണ്ട്. യഥാർത്ഥത്തിൽ ബാധ്യതയാണെങ്കിൽ അത് വർദ്ധനവിലൂടെയാണ് കണ്ടെത്തേണ്ടത്. പക്ഷേ സോളാർ വില, വൈദ്യുതി കരാർ റദ്ദ് ചെയ്യൽ, EV ചാർജിംഗ് ബാധ്യത തുടങ്ങിയ കാര്യങ്ങളിലൂടെ ബാധ്യത സാധാരണ/പാവപ്പെട്ട ജനത്തോടു ചോദിക്കുമ്പോൾ അവർ എതിർക്കുന്നത് അവരുടെ ഭാഗത്തുനിന്ന് നോക്കുമ്പോൾ തികച്ചും ന്യായമാണ്. കഴിഞ്ഞകാലങ്ങളിൽ വൻതോതിൽ മഴ ലഭിച്ചു. ജലവൈദ്യുത പദ്ധതികളിൽ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിച്ചു. എന്നിട്ടും ബാധ്യത എന്ന് പറയുമ്പോൾ ജനത്തിന് സംശയം വരും. അദാനി കോർപ്പറേഷനുമായി Wind Energy ക്കു വേണ്ടി ഒപ്പുവച്ച കരാറിൽ കോടികൾ നഷ്ടം വരുമെന്ന് മുമ്പേ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നതാണ്. കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ ഗ്രാന്റുകൾ ലഭിക്കുന്നുണ്ടോ, സബ്സിഡി നല്കുന്ന തുക തിരികെ ലഭിക്കുന്നുണ്ടോ. UDAY സ്കീം പ്രകാരം 2016 വരെയുള്ള KSEB യുടെ കടം മുഴുവൻ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കേണ്ടതായിരുന്നു. അത് ഏറ്റെടുത്തിട്ടുണ്ടോ? ഇതൊക്കെ ബഹു. കമ്മീഷൻ പരിശോധിക്കേണ്ട വിഷയങ്ങളാണ്.

KSEBL ന്റെ Account ലെ പണം ക്യാഷ് ട്രാൻസ്ഫർ വഴി മറ്റെവിടെയെങ്കിലും പോകുന്നുണ്ടോ. KSEBL Auditing ൽ എന്തുകൊണ്ട് ട്രാൻസ്ഗ്രിഡ് ഫയൽ നൽകിയില്ല. ഈ വക വിഷയങ്ങളൊന്നും കമ്മീഷൻ അറിഞ്ഞതായിട്ടുപോലും രേഖകളിൽ കാണുന്നില്ല. KSEB യോട് കമ്മീഷൻ എല്ലാ facts ഉം ആവശ്യപ്പെടണം. സാമ്പത്തിക ധവളപത്രം പുറത്തിറക്കാൻ ആവശ്യപ്പെടണം. ധവളപത്രത്തിൽ വ്യക്തമായ നഷ്ടകണക്കുകൾ ബോധ്യപ്പെട്ടാൽ വർധിപ്പിക്കണം. ഇപ്പോൾ ഇങ്ങനെയൊരു ബാധ്യത ഉണ്ടാകാനുള്ള സാഹചര്യം കഴിഞ്ഞ ഹിയറിങ്ങിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. കഴിഞ്ഞ 8 വർഷവും മെച്ചപ്പെട്ട മഴ ലഭിച്ചിട്ടും ജീവനക്കാർ 5000 ത്തോളം കുറഞ്ഞിട്ടും കൂടുതൽ ബാധ്യത വന്നെങ്കിൽ അതിന്റെ കാരണങ്ങൾ ധൂർത്തും അഴിമതിയുമാണ്. പുരപ്പുറ സോളാറിലെ തെറ്റായ കരാറും കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി വേണ്ടായെന്നുവച്ചതും നഷ്ടത്തിന്റെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. DA 6 ഗഡു കുടിശ്ശികയാണ്. ലീവ് സറണ്ടർ ലഭിക്കുന്നില്ല. 12000 ത്തോളം പേരുടെ അധിക ജോലിയാണ് നിലവിലുള്ളവർ ചെയ്യുന്നത്. പുതിയ നിയമനങ്ങൾ നടക്കുന്നില്ല. സാമ്പത്തിക ബാധ്യത ഉണ്ടാകാനുള്ള പ്രധാന കാരണങ്ങൾ താഴെക്കാണിക്കുന്നു. മേൽ നഷ്ടം അതിന് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കിയാൽ തല്ക്കാലം വൈദ്യുതി ചാർജ് വർധിപ്പിക്കേണ്ടിവരില്ല.

1. <u>പുരപ്പുറ സോളാറിലെ</u> തെറ്റായ ബില്ലിംഗ് രീതിമൂലം പ്രതിമാസം 40 കോടി രൂപയ്ക്കടുത്ത് നഷ്ടം ഉണ്ടാകുന്നു. 1.36 കോടി ഉപഭോക്താക്കൾ ഉള്ള KSEBL 1.22 ലക്ഷം പേർക്ക് തെറ്റായ ബില്ലിംഗ് രീതിയിലൂടെ (Net Metering) വിലകുറച്ച് വൈദ്യുതി നൽകുന്നത് മൂലമുള്ള നഷ്ടം പാവപ്പെട്ട സാധാരണ ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത് അംഗീകരിക്കാനാവില്ല. പകൽ സമയത്ത് ലഭിക്കുന്ന വൈദ്യുതിക്ക് തുല്യമായാണ് രാത്രിയിൽ കൂടിയ വിലക്ക് വാങ്ങുന്ന വൈദ്യുതി തിരികെ നല്കുന്നതുവഴി കോടികളുടെ നഷ്ടവും ഉണ്ടാകുന്നു. ഇത് സഹിക്കാനുള്ള ബാധ്യത സാധാരണ/പാവപ്പെട്ടവർക്ക് ഇല്ല. കഴിഞ്ഞ ഹിയറിങ്ങിൽ പുരപ്പുറ സോളാറിലെ വിഷയത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. അന്ന് പുരപ്പുറ കാർക്കുവേണ്ടി വാദിച്ച വ്യക്തികൾ ഇവിടെ അടുത്ത വള്ളത്തിൽ കാല് ചവിട്ടി വാദിക്കാൻ വന്നിരിക്കുന്നത് പരസ്പര വിരോധാഭാസമാണ്.

2. 4.29 പൈസക്ക് UDF കാലത്ത് ഒപ്പുവച്ച വില കുറഞ്ഞ വൈദ്യുതി വേണ്ടായെന്ന് തീരുമാനം എടുത്ത റെഗുലേറ്ററി കമ്മീഷനും ഗവണ്മെന്റും നിലവിലെ വലിയ ബാധ്യതകൾക്കു ഉത്തരവാദികളാണ്. Rs.4.29/യൂണിറ്റ് ന് 25 വർഷത്തേക്ക് ലഭിക്കുമായിരുന്ന വൈദ്യുതി വേണ്ടായെന്നുവച്ച് 10-12 രൂപയ്ക്കുവരെ വൈദ്യുതി വാങ്ങിയത് വഴി പ്രതിദിനം 10 കോടി നഷ്ടവും വരുന്നു. അത് പാവപ്പെട്ട ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നത്

അംഗീകരിക്കാനാവില്ല. അതിന്റെ ഉത്തരവാദികളിൽ നിന്നും അത് ഈടാക്കണം മേൽ നഷ്ടം മൂലമുള്ള ചാർജ് വർദ്ധനവിനെ സംഘടനാ ഒരിക്കലും അംഗീകരിക്കില്ല.

3. വൈദ്യുതി മേഖലയെ വൻ ബാധ്യതയിലേക്ക് നയിക്കുന്നതും KSEB ക്കു 49% ഷെയർ ഉള്ളതുമായ KFON മറ്റൊരു ബാധ്യത അല്ലെ. അതിനു KSERC അംഗീകാരം നൽകിയിട്ടുണ്ടോ. ഇല്ലെങ്കിൽ KSEBL അതിൽ നിന്നും പിന്മാറാൻ ആവശ്യപ്പെട്ടിട്ടുണ്ടോ. അതിന്റെ വായ്പ, പലിശ, ഗ്യാരന്റി എല്ലാം പാവപ്പെട്ട ജനത്തിന്റെ തലയിൽ വരുന്നതിനെയും സംഘടനാ അംഗീകരിക്കില്ല. ടെലികോം രംഗത്തെ വിദഗ്ദരായ BSNL പോലും പരാജയപ്പെട്ടിടത്ത് KSEBL നടത്തിയ സാഹസം മറ്റൊരു ചാർജ് വർധനക്ക് കരണമായിട്ടുണ്ടോ എന്ന് ഞങ്ങൾക്ക് സംശയമുണ്ട്. അത് പരിശോധിക്കണം. KSEBL ന് ലാഭം കിട്ടാത്ത മറ്റു ബിസിനസ്സുകൾ അനുവാദം നല്കാൻ പാടില്ലായെന്ന് ഇലക്ട്രിസിറ്റി ആക്റ്റിൽ ഉണ്ടായിട്ടും കമ്മീഷൻ മൗനത്തിലാണ്.. എന്തുകൊണ്ടെന്ന് അറിയില്ല.

4. 1028 കോടി രൂപ എസ്റ്റിമേറ്റ് തുകയുള്ള KFON ടെൻഡർ 1528 കോടിക്ക്. KSEBL നെ സസൂക്ഷ്മം വീക്ഷിക്കുന്ന കമ്മീഷൻ എന്തുകൊണ്ട് ഇത് വീക്ഷിച്ചില്ലായെന്നതും സംശയാസ്പദമാണ്. ഇതിൽ **major share holder KSEB** ആണല്ലോ.

5. ട്രാൻസ്ഗ്രിഡ് ടെൻഡർ above 150% ആയതിന്റെ ബാധ്യത ജനങ്ങളുടെ മേൽ വയ്ക്കണോ. അതിന്റെ ഉത്തരവാദികളിൽ നിന്നും അത് ഈടാക്കണം.

6. KSERC ശക്തമായ തീരുമാനം എടുത്ത് ഒരു കാര്യത്തിൽ മാത്രമാണ്. അത് ജീവനക്കാരുടെ എണ്ണം വെട്ടികുറക്കുന്ന കാര്യത്തിൽ. എന്നാൽ കമ്മീഷനിലെ ജീവനക്കാരുടെ എണ്ണവും ശമ്പളവും കൂട്ടുന്നുവെന്ന വസ്തുത ഓരോ വർഷത്തെയും KSEBL ന്റെ Annual Accounts ൽ നിന്നും മനസ്സിലാകും. ഈ ചിലവും ഹിയറിംഗിന്റെ ചിലവും വൈദ്യുതി ചാർജ് വർദ്ധനവിൽ വരുന്നതുമാണല്ലോ. ഇപ്പോൾ നടക്കുന്ന ചിലവുകകളും ചാർജിൽ വരുന്നതാണല്ലോ. 1991 ൽ 36 ലക്ഷം ഉപഭോക്താക്കൾ ഉള്ളപ്പോൾ 30000 ജീവനക്കാർ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 1.36 കോടി ഉപഭോക്താക്കൾക്ക് 25000 ജീവനക്കാർ മാത്രം. നിലവിലെ അനുവാദം 30321 എണ്ണം മാത്രം. KSERC യുടെ അനുവാദം അനുസരിച്ചുപോലും 5000 നിയമനങ്ങൾ നടത്തണം. ഈ 5000 ത്തോടൊപ്പം ആവശ്യത്തിന് വേണ്ടുന്ന മറ്റൊരു 7000 ഉൾപ്പടെ 12000 പേരുടെ അധിക ജോലിയാണ് ജീവനക്കാർ ചെയ്യുന്നത്. ഓരോ വർഷവും 20 ലധികം പേര് ഡ്യൂട്ടിക്കിടയിൽ മരിക്കുന്നു. എന്നിട്ടും പൊതുജനമധ്യത്തിൽ ജീവനക്കാരുടെ എണ്ണം കൂടുതലാണെന്നും, ശമ്പളം കൂടുതലാണെന്നും പറഞ്ഞ് ജീവനക്കാരെ അപകീർത്തിപ്പെടുത്തുന്നതിൽ കമ്മീഷനുൾപ്പടെ എല്ലാവർക്കും പങ്കുണ്ട്. ജീവനക്കാരുടെ എണ്ണമോ, ശമ്പളമോ, പെൻഷനോ അല്ല വൻബാധ്യത ഉണ്ടാകാനുള്ള കാരണം. ഇവിടെ നടക്കുന്നത് അഴിമതിയും ധൂർത്തുമാണ്.

7. **KSEBL ന്റെ collection account passbook** ഉൾപ്പടെയുള്ള കാര്യങ്ങൾ പബ്ലിക് ഡോക്യുമെന്റ് ആക്കി വയ്ക്കണം. ജനങ്ങളുടെ സംശയം ദുരീകരിക്കണം. ലഭിക്കുന്ന പ്രതിമാസ വരുമാനമാണ് 1500 കോടി കേന്ദ്ര/സംസ്ഥാന ഗ്രാന്റ് ഒക്കെ എങ്ങനെ ചിലവഴിക്കുന്നു എല്ലാം പ്രസിദ്ധപ്പെടുത്തണം.

8. ഉപഭോഗത്തിന്റെ 30% ആഭ്യന്തര ഉൽപാദനം ആണല്ലോ (പ്രധാനമായും ജലവൈദ്യുത പദ്ധതി) യൂണിറ്റിന് കേവലം 30 പൈസ മാത്രം മുടക്കുള്ള വൈദ്യുതിയും കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന വില കുറഞ്ഞ വൈദ്യുതിയും ചേർത്ത് വിൽക്കുമ്പോൾ Rs.6.29/Unit

realisation കിട്ടിയിട്ടും പണം എവിടെ പോകുന്നുവെന്നത് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

9. പ്രളയം വന്നപ്പോൾ കമ്പനി ജനറൽബോഡി തീരുമാനം ഇല്ലാതെ ......... കോടി ആശുപത്രി പണിയാൻ കൊടുത്തു. അതും KSEBL ന്റെ ചിലവിൽ. അന്നേ ഞങ്ങൾ പറഞ്ഞതാണ് ഇത് ഞങ്ങളുടെ തലയിൽ നിന്നും വൈദ്യുതി ചാർജിൽ ഈടാക്കുമെന്ന്. അതും സംഭവിക്കാൻ പോകുന്നു. ഏതാനും ചില ഉദ്യോഗസ്ഥരുടെ പേരിൽ പെരുമയ്ക്കും സ്വാർത്ഥ താല്പര്യത്തിനുംവേണ്ടി നടത്തിയ ബാധ്യത ജനങ്ങൾക്ക് മേൽ വരുമ്പോൾ ജനം ജീവനക്കാരെ പഴിചാരുമ്പോൾ അത് അംഗീകരിക്കാൻ പറ്റില്ല. ഇതൊന്നും കമ്മീഷൻ അറിഞ്ഞതായിട്ടേ ഭാവിക്കുന്നില്ല.

10. കമ്പനിയുടെ ജനറൽബോഡി തീരുമാനം ഇല്ലാതെ CMDRF ൽ കൊടുത്ത തുകയും ചാർജ് വർദ്ധവനിൽ നിഴലിക്കുന്നു. അത് അംഗീകരിക്കാൻ പറ്റുമോ. നിയമപരമല്ലാതെ വന്ന ബാധ്യത അത് വരുത്തിയവരിൽ നിന്നും ഈടാക്കണം.

11. കഴിഞ്ഞ 10 വർഷത്തെ ഡ്യൂട്ടി ഏകദേശം 8000 കോടിക്ക് പെൻഷൻ ട്രസ്റ്റിന് നൽകേണ്ട തുകയാണ്. അത് വകമാറ്റി ചിലവാക്കി എന്തിനു ചിലവഴിച്ചു. എത്ര മെഗാവാട്ട് പുതിയ പദ്ധതികൾ വന്നു. ഇതും പരിശോധനയിൽ വരേണ്ട കാര്യങ്ങളാണ്.

12. EV ചാർജിങ് സ്റ്റേഷനുകൾ പലതും work ചെയ്യുന്നില്ല. പോർട്ടുകൾ പലതും കാലഹരണപ്പെട്ടത്. Polemount ചാർജിങ് സ്റ്റേഷനുകളിൽ നടക്കുന്ന വിൽപ്പനക്ക് കണക്കില്ല. EV ചാർജിങ് സ്റ്റേഷൻ വഴിയുണ്ടാകുന്ന നഷ്ടം ജനങ്ങളുടെ തലയിൽ കെട്ടി വയ്ക്കുന്നത് ശരിയല്ല.

13. BOT വ്യവസ്ഥയിൽ 25 വർഷം മുമ്പ് കാർബറാണ്ടം കമ്പനിക്കുനൽകിയ മണിയാർ പദ്ധതിയുടെ കരാർ കാലാവധി 2025 ൽ പൂർത്തിയാകും. ഈ ജലവൈദ്യുത പദ്ധതി തിരികെയെടുക്കണം. കാരണം ഇത് ജനത്തിന് അവകാശപ്പെട്ടതാണ്. വിലകുറഞ്ഞ ജലവൈദ്യുതി പദ്ധതിയാണ്. ഇവിടെയും കമ്മീഷന്റെ നിലപാട് പ്രസക്തമാണ്. ഗവൺമെന്റ് തീരുമാനം മറിച്ചായാൽ, കമ്പനിക്ക് തന്നെ വീണ്ടും കരാർ നീട്ടികൊടുക്കാൻ തീരുമാനിച്ചാൽ കമ്മീഷന്റെ യുക്തമായ ഇടപെടലുകൾ ഉണ്ടാകണം. അല്ലാതെ അതും സ്വകാര്യ വ്യക്തിക്ക് നൽകിയിട്ട് വീണ്ടും ചാർജ് വർധിപ്പിക്കാൻ ഹിയറിങ് നടത്തിയാൽ ജനം എതിർക്കും. പലതും മുൻകൂട്ടി പറഞ്ഞപോലെ ഇതും ഞങ്ങൾ കാലേക്കൂട്ടി പറയുന്നു.

14. ഒരു പോസ്റ്റും സ്റ്റേയും ഒരു വണ്ടിയിൽ കൊണ്ടുവന്നു സ്ഥാപിക്കണമെങ്കിൽ ലേബർ ചാർജ് മാത്രം ഫെബ്രുവരിക്ക് മുന്നേയുള്ള റേറ്റ് പ്രകാരം 4876/- രൂപ ആകുമെങ്കിൽ ഇപ്പോൾ അത് 8786/- രൂപ ആകും. 81% വർധന വന്നു. ഇതിൽ 1340/- രൂപ GST ആയി ഗവണ്മെന്റിലേക്ക് പോകുന്നതാണ്. പഴയ റേറ്റ് പ്രകാരം ഒരു പോസ്റ്റും സ്റ്റേയും മാറ്റി സ്ഥാപിക്കണമെങ്കിൽ 4200/- രൂപ അടച്ചാൽ മതി എങ്കിൽ ഇപ്പോൾ 6311/- രൂപ അടക്കണം. 50% വർധിച്ചു. ഇതിൽ 963/- രൂപ GST ആയി ഗവണ്മെന്റ് എടുക്കുന്നു. ഈ വർധന കൊണ്ട് ഒന്നും KSEB ക്ക് നേട്ടമില്ല. നേട്ടം കരാറുകാർക്കും അനുപാധികമായ GST വർധന മൂലം ഗവർമെന്റിനും മാത്രം...അധിക ബാധ്യത പൊതു ജനത്തിനും, പേരുദോഷം KSEB കും.

15. വാട്ടർ അതോറിറ്റിയുടെ 2400 കോടി രൂപ കടം 10 ഇൻസ്റ്റാൾമെന്റ് ആക്കി. അതായത് ഓരോ വർഷവും 240 കോടി തരുമെന്ന് പ്രവചനം. KSEBL കടത്തിലാണ്. അപ്പോൾ

വായ്പയിലൂടെ അടക്കാനിരിക്കുന്ന ഈ മുതൽ 2400 കോടി 10 വർഷം കൊണ്ട് പലിശ ഉൾപ്പെടെ 5000 കൂടി ആകുന്നു. കൃത്യമായി വാട്ടർ അതോറിറ്റി അടച്ചാൽത്തന്നെ 2600 കോടി ബാധ്യത. അതും ജനത്തിനുമേൽ. ജനം എതിർത്താൽ കുറ്റം പറയാൻ പറ്റുമോ. One time settlement നുശേഷം വീണ്ടും വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക 300 കോടി ആയി കുടിശിക വർദ്ധിച്ചു. അവരുടെ HT ബില് മാത്രം പ്രതിമാസം ഉദ്ദേശം 36 കോടി രൂപ വരും. മേൽ ബാധ്യതകളെല്ലാം ജനം സഹിക്കണമെന്ന് പറയുമ്പോൾ അവർ എതിർക്കും. അവർ ജീവനക്കാരുടെ മേൽ അനാവശ്യ പഴിചാരുന്നു. കാരണം മാനേജ്മെന്റും ഗവണ്മെന്റും മാത്രമാണ്.

16. KSEBL ന്റെ Annual Accounts ൽ നിന്നും ബാധ്യതകളുടെ വിശദാംശങ്ങൾ, പലിശ നിരക്കുകൾ ഇവ മാറ്റിയത് സംശയം വർദ്ധിപ്പിക്കുന്നു. ആർക്കുവേണ്ടി, എന്തിനുവേണ്ടി.. ഈ വിവരം ഞങ്ങൾ മുമ്പ് കമ്മീഷനെ അറിയിച്ചിരുന്നതാണ്. വൈദ്യുതി ചാർജ് ഇനത്തിൽ പെടുത്തേണ്ടുന്നത് അഴിമതിയും ധൂർത്തും മൂലമുള്ള ചിലവുകൾ അല്ല. മറിച്ച് ഉൽപ്പാദനം, വിതരണം, പ്രസരണം വഴിയുള്ള ചിലവുകൾ, എനർജി ചാർജ്, എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ്, Admn Expenses, Salary, പെൻഷൻ തുടങ്ങിയ കാര്യങ്ങളാണ്. മാനേജ്മെന്റിന്റെ പിടിപ്പുകേട് അഴിമതി ഇവ ജനത്തിന് മേൽ വയ്ക്കുമ്പോഴാണ് അവർ എതിർക്കുന്നത്. യാഥാർത്ഥ്യം ബോധ്യപ്പെടുത്തി KSEB നിലനിൽക്കുന്നതിനുള്ള വർദ്ധനവ്/കുറവ് യുക്തമായി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

| sl no | Key No | Item | old rate | new rate | percentage | |
|---|---|---|---|---|---|---|
| | | **Labour data dt 13/02/2024** | | | | |
| **sl no** | **Key No** | **Item** | **old rate** | **new rate** | **percentage** | |
| 1 | 204 | LT post errecting | 1342 | 2017 | Above 50% | |
| 2 | 205 | Lt stay | 625 | 939 | Above 50% | |
| 3 | 257 | one span Oh for 1 phase service connection | 2418 | 3635 | Above 50% | |
| 4 | 260 | one span Oh for 3 phase service connection | 2817 | 3635 | Above 50% | |
| 5 | 402 | renewal of damage pole LT | 2329 | 3500 | Above 50% | |
| 6 | 455 | 1 phase meter shifting | 549 | 826 | Above 50% | |
| 7 | 456 | 3 phase meter shifting | 723 | 1086 | Above 50% | |
| 8 | 266 | Errecting support pole LT | 1293 | 1944 | Above 50% | |
| 9 | 264 | Insertion LT pole | 1467 | 2204 | Above 50% | |
| 10 | 706 | Loading & unloading LT pole | 319 | 478 | Above 50% | |
| 11 | 137 | HT double pole structure for transformer errecting | 23221 | 34923 | Above 50% | |
| 12 | 726 | Transporting pole,upto 4 Nos. in 5 Km, | 1428 | 3142 | 120.00% | |
| 13 | | | | | | |
| | | | | | | |
| | | **+ 18% GST** | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

| | | OYEC rate-08/02/2024 | | | | |
|---|---|---|---|---|---|---|
| sl no | Key No | Item | old rate | new rate | percentage | |
| 1 | | support pole for service connection | 5540 | 7547 | 36 | |
| 2 | | Inserion pole for service connection-single phase | 8170 | 11706 | 43 | |
| 3 | | Inserion pole for service connection-Three phase | 9200 | 12508 | 35 | |
| 4 | | Providing LT stay | 1750 | 3143 | 81 | |
| 5 | | Singlephase Oh service connectin with one pole | 9160 | 10076 | 10 | |
| 6 | | Singlephase Oh service connectin with two pole | 21950 | 24145 | 10 | |
| 7 | | Threephase Oh service connectin with one pole | 11550 | 12705 | 10 | |
| 8 | | Threephase Oh service connectin with 3 pole | 46600 | 51260 | 10 | |
| 9 | | | | | | |
| 10 | | **Total rate + 18% GST extra** | | | | |
| 11 | | | | | | |
| 12 | | | | | | |
| 13 | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |